പ്രതികരണം

●

ജമാൽ മലപ്പുറം

# സയ്യിദ് ഖുത്ബിന്റെ രക്തസാക്ഷ്യം: ഒരു അനുബന്ധം

**മൗദൂദി: "നിങ്ങൾ അയ്യൂബ്ഖാനുമായി സംസാരിച്ചിരുന്നുവെങ്കിൽ ഞാനാ മാധ്യസ്ഥം തിരസ്കരിക്കുമായിരുന്നു. ജയിലിൽനിന്ന് ഇറങ്ങുകയുമില്ല. അൽഹംദുലില്ലാഹ്. അക്രമിയായ ഭരണാധികാരിയുമായി നിങ്ങൾ എനിക്ക് വേണ്ടി സംസാരിച്ചില്ലല്ലോ."**

---

**'സയ്യിദ്** ഖുത്ബിനെ ഓർക്കുമ്പോൾ' എന്ന ഹൈദറലി ശാന്തപുരത്തിന്റെ ലേഖനം (ലക്കം 13) വായിച്ചപ്പോൾ ഓർമയിൽവന്ന ചില കാര്യങ്ങൾ അനുബന്ധമെന്നോണം കുറിച്ചിടുകയാണ്. "1952-ൽ ഈജിപ്തിൽ പട്ടാള വിപ്ലവത്തോടെ രാജഭരണത്തിന് വിരാമമായി. ജമാൽ അബ്ദുന്നാസിർ പ്രസിഡന്റായി അധികാരമേറ്റു" എന്നെഴുതിയത് ശരിയല്ല. വിപ്ലവസമിതിക്കുവേണ്ടി ജനറൽ മുഹമ്മദ് നജീബാണ് പ്രസിഡന്റായി അധികാരമേറ്റത്. പിന്നീട് പാരപണിതും പുകച്ചും നജീബിനെ പുറത്താക്കിയാണ് അബ്ദുന്നാസിർ പ്രസിഡന്റായത്.

"ഇറാഖ് പ്രസിഡന്റായിരുന്ന അബ്ദുസ്സലാം ആരിഫ് ഖുത്ബിനെ മോചിപ്പിക്കാൻ ജമാൽ അബ്ദുന്നാസിറിനോട് ശിപാർശ ചെയ്തുവെന്നു പറയപ്പെടുന്നു" എന്നെഴുതിയിട്ടുണ്ട്. ഇതിന്റെ ആധികാരികമായ വിശദാംശങ്ങൾ ഇന്ന് ലഭ്യ

മാണ്. 1964-ൽ അന്നത്തെ ഇറാഖി പ്രസിഡന്റ് അബ്ദുസ്സലാം ആരിഫ് ഈജിപ്ത് സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ അനുഗമിച്ചവരിൽ 'പേന പടവാളാക്കിയ ധീരമുജാഹിദ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രമുഖ സൈനിക ശാസ്ത്രജ്ഞനും യുദ്ധ ചരിത്രകാരനും അനേകം ഗ്രന്ഥങ്ങളുടെയും എണ്ണമറ്റ ലേഖനങ്ങളുടെയും കർത്താവും സർവോപരി ലോക ഇസ്‌ലാമിക നവോത്ഥാന നായകരുടെയെല്ലാം അടുത്ത സുഹൃത്തുമായിരുന്ന ജനറൽ മഹ്മൂദ് ശീത്ത് ഖത്താബ് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അഭ്യർഥന പ്രകാരമാണ് പ്രസിഡന്റ് ആരിഫ് സയ്യിദ് ഖുത്വ്ബിനെ ജയിലിൽനിന്ന് മോചിപ്പിക്കുന്നതിനെ കുറിച്ച് പ്രസിഡന്റ് ജമാൽ അബ്ദുന്നാസിറുമായി സംസാരിച്ചത്. ജനറൽ ഖത്താബിന്റെ കൂടി സാന്നിധ്യത്തിലായിരുന്നു പ്രസ്തുത സംഭാഷണം. അബ്ദുസ്സലാം ആരിഫിന്റെ ആഗ്രഹത്തിനു നാസിർ വഴങ്ങിയപ്പോൾ ഈ സന്തോഷവാർത്ത ജയിലിൽ ചെന്നു സയ്യിദിനെ നേരിൽ ധരിപ്പിക്കാൻ ഖത്താബ് താൽപര്യം പ്രകടിപ്പിച്ചപ്പോൾ നാസിർ അതും അംഗീകരിച്ചു. പ്രസിഡന്റിന്റെ കൊട്ടാരത്തിൽനിന്ന് അയച്ചുകൊടുത്ത കാറിൽ ജനറൽ ഖത്താബ് ജയിലിൽ ചെന്നു. അദ്ദേഹത്തെ കണ്ട ഖുത്വ്ബ് സന്തോഷം പ്രകടിപ്പിക്കുകയും അബ്ദുസ്സലാം ആരിഫിന് സലാം പറയാൻ ഖത്താബിനോട് ആവശ്യപ്പെടുകയും ചെയ്തു. അന്നേരം ഖത്താബ് അദ്ദേഹത്തോട് പറഞ്ഞു;

"ഞാനൊരു സന്തോഷവാർത്ത അറിയിക്കാൻകൂടി വന്നതാണ്. അങ്ങ് വളരെ വേഗം ജയിൽ മോചിതനാകാൻ പോകുന്നു."

സയ്യിദ്: "എങ്ങനെ?"

അബ്ദുസ്സലാം ആരിഫിന് അദ്ദേഹത്തോടുള്ള സ്നേഹാദരവുകളെക്കുറിച്ചും നാസിറിനോട് സംസാരിച്ചതിനെപ്പറ്റിയും ഖത്താബ് വാചാലനായി. പെട്ടെന്ന് എല്ലാ പ്രസന്നതയും നഷ്ടപ്പെട്ട മുഖഭാവത്തോടെ സയ്യിദ് പറഞ്ഞു:

"അതായത്, എന്നെ ജയിലിൽനിന്ന് വിട്ടയക്കാൻ നിങ്ങൾ അഭ്യർഥിച്ചു എന്ന്? എല്ലാം കഴിഞ്ഞു അല്ലേ?"

ഖത്താബ്: "അതെ, അൽഹംദുലില്ലാഹ്!"

സയ്യിദ്: "അല്ലാഹു നിങ്ങളോട് പൊറുക്കട്ടെ. നിങ്ങൾക്ക് എന്നോടൊന്നു ആലോചിക്കാമായിരുന്നു."

ഖത്താബ്: "എങ്കിൽ അങ്ങേക്ക് മറിച്ചൊരഭിപ്രായം ഉണ്ടാകുമായിരുന്നോ?"

സയ്യിദ്: "തീർച്ചയായും! നിങ്ങൾ എന്നോട് ആലോചിച്ചിരുന്നെങ്കിൽ ഈ മാധ്യസ്ഥത്തെ ഞാൻ നിരാകരിക്കുമായിരുന്നു. ഈ രീതിയിൽ ഞാൻ ജയിലിൽ നിന്നിറങ്ങില്ലായിരുന്നു."

ഖത്താബ്: "ഇതൊരു വളരെ മാന്യമായ ജയിൽ മോചനമല്ലേ? ജയിലിൽ നിന്നു ഇറക്കിക്കൊണ്ടുവരാൻ രാജാവ് വിട്ടയാളെ തിരിച്ചയക്കുകയും 'സ്വയം കരങ്ങൾ മുറിച്ച സ്ത്രീകൾ'ക്കിടയിൽ ഒരന്വേഷണം നടത്താൻ അഭ്യർഥിക്കുകയും ചെയ്ത യൂസുഫ്(അ)നെക്കുറിച്ച് നമ്മുടെ നബിനായകൻ എന്നാണ് പറഞ്ഞത്? 'എന്റെ സഹോദരൻ യൂസുഫിനോട് അല്ലാഹു കരുണ കാണിക്കട്ടെ. അദ്ദേഹത്തിന്റെ സ്ഥാനത്ത് ഞാനായിരുന്നുവെങ്കിൽ ജയിലിൽ തുടരുന്നതിനെക്കാൾ അവിടെ നിന്നിറങ്ങുന്നതിനെയായിരിക്കും ഞാൻ തെരഞ്ഞെടുത്തിട്ടുണ്ടാവുക' എന്നല്ലേ?"

സയ്യിദ്: "എന്തായാലും നടക്കേണ്ടതെല്ലാം നടന്നുകഴിഞ്ഞല്ലോ. നിങ്ങളുടെ ശ്രമങ്ങൾക്ക് നന്ദി! നിങ്ങളുടെ സഹോദരനെ മോചിപ്പിക്കുന്നതിലുള്ള സദുദ്ദേശ്യത്തിന് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ആ നല്ല മനുഷ്യൻ സഹോദരൻ അബ്ദുസ്സലാം ആരിഫിന് എന്റെ അഭിവാദനങ്ങൾ അറിയിക്കുക." താമസിയാതെ

ജയിൽമോചിതനായ സയ്യിദ് ഖുത്ബ് തന്റെ കൃതികളുടെ ഡീലക്സ് പതിപ്പുകൾ ഇരുവർക്കും കൈയൊപ്പിട്ടു സമ്മാനിക്കുകയുണ്ടായി.

*** *** ***

സമാനമായ സംഭവം മൗലാനാ മൗദൂദിയുടെ ജയിൽ മോചന വിഷയത്തിലും ഉണ്ടായത് ഇവിടെ സ്മരിക്കട്ടെ.

അതേ വർഷം 1964-ൽതന്നെ പ്രസിഡന്റ് അബ്ദുസ്സലാം ആരിഫ് പാകിസ്താൻ സന്ദർശനത്തിന് പോയപ്പോൾ ജനറൽ ഖത്താബ്, മൗലാനാ മൗദൂദി ജയിലിൽ കഴിയുന്ന കാര്യം ആരിഫിന്റെ ശ്രദ്ധയിൽ പെടുത്തി. ഇസ്ലാമിക പണ്ഡിതന്മാരോടുള്ള മുസ്ലിം ഭരണാധികാരികളുടെ പെരുമാറ്റത്തിൽ രോഷാകുലനായ ആരിഫ് പറഞ്ഞു: "ഞാൻ ജനറൽ അയ്യൂബ്ഖാനുമായി സംസാരിച്ചുനോക്കട്ടെ." സയ്യിദ് ഖുത്ബുമായി നേരത്തെ ആലോചിക്കാതെ അബ്ദുന്നാസിറുമായി സംസാരിച്ചതിന്റെ 'ഭവിഷ്യത്ത്' പെട്ടെന്ന് ഓർമയിൽ വന്ന ഖത്താബ് പറഞ്ഞു:

"അങ്ങ് സംസാരിക്കാൻ വരട്ടെ. ഞാൻ മൗദൂദിയെ ചെന്നുകണ്ട് അഭിപ്രായമറിഞ്ഞിട്ടുമതി."

ജനറൽ അയ്യൂബ്ഖാനെ കണ്ടപ്പോൾ ഖത്താബ് മൗദൂദിയെ ജയിലിൽ ചെന്നു കാണാൻ താൽപര്യം പ്രകടിപ്പിച്ചു. സന്ദർശനം അനുവദിച്ചുകൊണ്ട് അയ്യൂബ്ഖാൻ പറഞ്ഞു: "മൗദൂദി വലിയ പണ്ഡിതനാണ്. ബുദ്ധിയുള്ള മനുഷ്യനാണ്. പക്ഷേ എന്നെ വെറുപ്പാണ്. എന്താണത്? എനിക്കറിഞ്ഞുകൂടാ." അബ്ദുസ്സലാം ആരിഫിനോട്: "ഞാനിവിടത്തെ പ്രസിഡന്റാണല്ലോ. എന്തെങ്കിലും ഒരു നിയമം പുറപ്പെടുവിക്കുകയോ തീരുമാനം എടുക്കുകയോ ഉത്തരവ് ഇറക്കുകയോ ചെയ്യേണ്ട താമസം ഉടനെ മൗദൂദി അതിനെ എതിർക്കുകയായി..... സന്ദർശിച്ചോളൂ സഹോദരാ, എന്താണ് അദ്ദേഹത്തിന് വേണ്ടതെന്ന് മനസ്സിലാക്കൂ. നമുക്കൊരു ധാരണയിലെത്തുകയും സഹകരിക്കുകയുമാവാമല്ലോ."

ഖത്താബ്: "പാകിസ്താനിൽ ഇസ്ലാം ഭരണാധികാരിയാവുകയാണ് അദ്ദേഹത്തിന്റെ ആവശ്യം. അതിനായിരുന്നല്ലോ ഇന്ത്യയിൽനിന്ന് വേർപിരിഞ്ഞത്. പാകിസ്താൻ ഭരണഘടന ഇസ്ലാമികമാക്കണം."

അയ്യൂബ്: "ഞങ്ങളും അദ്ദേഹത്തിന്റെ കൂടെയാണ്. പക്ഷേ, അദ്ദേഹം തിരക്കു കൂട്ടുകയാണ്. എനിക്കെതിരെ വിപ്ലവത്തിനു പ്രേരിപ്പിക്കുകയും ചെയ്യുന്നു."

ഖത്താബ് മൗദൂദിയെ ജയിലിൽ ചെന്നുകണ്ടു. അദ്ദേഹത്തിനു വലിയ സന്തോഷമായി. കുശലാന്വേഷണങ്ങൾക്കും മറ്റും ശേഷം ഖത്താബ് പറഞ്ഞു: "അബ്ദുസ്സലാം ആരിഫിന് അങ്ങയെ സ്നേഹമാണ്. അങ്ങയുടെ പുസ്തകങ്ങൾ വായിക്കുകയും അങ്ങയുടെ ശിഷ്യന്മാരിലൊരാളായി സ്വയം കരുതുകയും ചെയ്യുന്നു. അങ്ങയുടെ ജയിൽമോചനത്തിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നുണ്ട്."

ഉടനെ ഖത്താബിന്റെ സംസാരം മുറിച്ചുകൊണ്ട് മൗദൂദി: "അദ്ദേഹം എന്നെക്കുറിച്ച് അയ്യൂബ്ഖാനുമായി സംസാരിച്ചു കഴിഞ്ഞുവോ?"

ഖത്താബ്: "ഇല്ല; സംസാരിക്കാനിരിക്കുന്നതേയുള്ളൂ."

ഇത് കേട്ടപ്പോൾ തീക്ഷ്ണവും ദീർഘവുമായ നെടുവീർപ്പോടെ മൗദൂദി:

"അൽഹംദുലില്ലാഹ്!"

ഖത്താബ്: "അങ്ങ് എന്താണ് അല്ലാഹുവിനെ സ്തുതിച്ചത്?"

മൗദൂദി: "നിങ്ങൾ അയ്യൂബ്ഖാനുമായി സംസാരിച്ചിരുന്നുവെങ്കിൽ ഞാനാമാധ്യസ്ഥം തിരസ്കരിക്കുമായിരുന്നു. ജയിലിൽനിന്ന് ഇറങ്ങുകയുമില്ല. അൽഹംദുലി



അബ്ദുസ്സലാം ആരിഫ്



ശീത്ത് ഖത്താബ്

ല്ലാഹ്. അക്രമിയായ ഭരണാധികാരിയുമായി നിങ്ങൾ എനിക്ക് വേണ്ടി സംസാരിച്ചില്ല ല്ലോ."

ഖത്താബ്: "അബ്ദുസ്സലാം ആരിഫിന്റെ മാധ്യസ്ഥം സയ്യിദ് ഖുത്ബ് സ്വീകരിക്കുകയുണ്ടായല്ലോ."

മൗദൂദി: "ഞാനൂഹിക്കുന്നത് നിങ്ങൾ അദ്ദേഹത്തെ വിഷമിപ്പിച്ചിരിക്കും എന്നാണ്. അങ്ങനെ അദ്ദേഹമത് സ്വീകരിച്ചുകാണും. സയ്യിദ് ഖുത്ബ് വലിയ ലജ്ജാശീലനാണ്. ഞാനായിരുന്നെങ്കിൽ അത് സ്വീകരിക്കുമായിരുന്നില്ല, നിങ്ങൾ വിഷമിക്കേണ്ടി വന്നാലും."

അബ്ദുസ്സലാം ആരിഫിന്ന് മൗദൂദിയുടെ അഭിവാദനങ്ങളുമായി മടങ്ങുകയേ ജനറൽ ഖത്താബിന് നിവൃത്തിയുണ്ടായുള്ളൂ. (വിശദാംശങ്ങൾക്ക് ദാറുൽഖലം, ദിമശ്ഖ് പ്രസിദ്ധീകരിച്ച *മുഹമ്മദ് ശീത്ത് ഖത്താബ്* എന്ന കൃതി നോക്കുക)

*** *** ***

"ഇനി ഞാൻ തുറുങ്കിലടക്കപ്പെട്ടത് അന്യായമായിട്ടാണെങ്കിൽ ആ അന്യായത്തോട് ദയായാചന നടത്താൻ എനിക്ക് സാധ്യമല്ല" എന്നല്ല സയ്യിദ് ഖുത്ബ് പറഞ്ഞത്. "ഞാനത്രക്ക് കൊച്ചല്ല; അതിനെക്കാളൊക്കെ എത്രയോ വലിയവനാണ് ഞാൻ" എന്നത്രെ ശരിയായ പരിഭാഷ.

*** *** ***

"വധശിക്ഷ നടപ്പാക്കുന്ന രാത്രി സയ്യിദിനെയും കൂട്ടുകാരെയും കൊണ്ടുപോകുന്ന രംഗം ടെലിവിഷൻ പ്രക്ഷേപണം ചെയ്യുകയുണ്ടായി" എന്നെഴുതിയിട്ടുള്ളത് ആധികാരികമാണോ? കാരണം, വധശിക്ഷക്ക് വിധിച്ച വാർത്ത പുറത്തു വന്നതോടെ, ലോകാസകലമുണ്ടായ പ്രതിഷേധത്തിന്നൊടുവിൽ, വധശിക്ഷ ഇളവ്ചെയ്യണമെന്നഭ്യർഥിച്ചുകൊണ്ട് ഫൈസൽ രാജാവ് ജമാൽ അബ്ദുന്നാസിറിനു കമ്പിയടിച്ചിരുന്നു. കമ്പി കൈപ്പറ്റി നാസിർ സയ്യിദിനെ അതിരാവിലെ തൂക്കിക്കൊല്ലാനും അതി

നുശേഷം ഫൈസലിന്റെ കമ്പി തന്റെ മേശപ്പുറത്ത് വെക്കാനും ഉത്തരവിട്ടു. കമ്പി കിട്ടിയപ്പോഴേക്കും ശിക്ഷ നടപ്പാക്കിപ്പോയതിന്റെ ഖേദം പ്രകടിപ്പിച്ചുകൊണ്ട് നാസിർ മറുപടിയയക്കുകയായിരുന്നു എന്നെഴുതിയിട്ടുണ്ട്, അബ്ദുല്ലാ അഖീൽ എഴുതിയ *മിൻ അഅ്‌ലാമിദ്ദഅ്‌വ വൽ ഹറകത്തിൽ ഇസ്‌ലാമിയ്യത്തിൽ മുആസിറ* എന്ന കൃതിയിൽ (പേജ് 667)

വധശിക്ഷനടപ്പാക്കിയത് പരമ രഹസ്യമായിട്ടായിരുന്നു എന്നാണ് പരക്കെ വിശ്വസിക്കപ്പെട്ടിരുന്നത്. വിമർശിക്കാൻവേണ്ടി കൂടി അവരുടെയൊന്നും പേരുകൾ മാധ്യമങ്ങളിൽ വരരുത് എന്ന നിഷ്കർഷയുണ്ടായിരുന്ന അക്കാലത്ത് ടെലിവിഷൻ വഴി അദ്ദേഹത്തിന് 'മൈലേജ്' നൽകുന്ന ദൃശ്യം പുറത്തുവിടാൻ സാധ്യത കുറവാണ്. ലേഖകൻ തന്റെ സ്രോതസ്സ് പരിശോധിക്കുമെന്നു കരുതുന്നു.

*** *** ***

സയ്യിദിനെ തൂക്കിലേറ്റിയ ദിവസം മൗദൂദിയുടെ ഒരനുഭവം അദ്ദേഹത്തിന്റെ സെക്രട്ടറി ഖലീൽ ഹാമിദിയെ ഉദ്ധരിച്ചുകൊണ്ട് അബ്ദുല്ലാ അഖീൽ രേഖപ്പെടുത്തിയിട്ടുണ്ട്: "എനിക്ക് പെട്ടെന്ന് ഒരു ശ്വാസതടസ്സമുണ്ടായി. കാരണമെന്തെന്നു മനസ്സിലായില്ല. പിന്നീട് ദിനപത്രങ്ങൾ കൈയിൽ കിട്ടിയപ്പോഴാണ് മനസ്സിലായത്, സയ്യിദിനെ തൂക്കിലേറ്റിയ അതേ നിമിഷമായിരുന്നു ശ്വാസതടസ്സം എനിക്കനുഭവപ്പെട്ടത്" എന്ന് പറയുകയുണ്ടായി മൗദൂദി.

1966-ൽ മക്കയിലെ 'ഗോബ്ര' ഹോട്ടലിൽ മൗദൂദിയെ സന്ദർശിക്കാൻ വന്ന ഒരറബി യുവാവ് അദ്ദേഹത്തിനു സയ്യിദിന്റെ *മആലിമു ഫിത്ത്വരീഖ്* സമ്മാനിച്ചു. ഒരൊറ്റ രാത്രികൊണ്ട് അത് വായിച്ചുതീർത്ത മൗദൂദി പറഞ്ഞു: "ഇതെഴുതിയത് ഞാനാണെന്നു എനിക്കു തോന്നുന്നു. അത്ഭുതമില്ല, ഞങ്ങൾ ഇരുവരുടെയും ചിന്തകളുടെ സ്രോതസ്സ് ഒന്നുതന്നെയാണല്ലോ" ■